**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുകയെന്ന എന്ന ലക്ഷ്യത്തോടുകൂടിയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായും കർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **"ഞങ്ങളും കൃഷിയിലേക്ക്".**<br><br>"ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്. നമുക്ക് ആവശ്യമായിട്ടുള്ള പഴം, പച്ചക്കറി, നെല്ല് മറ്റ് വിളകൾ എല്ലാം തന്നെ നമുക്ക് ഉത്പാദിപ്പിക്കുവാൻ സാധ്യമാകുന്നതിനായി തരിശ് ഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കേണ്ടതും ഓരോ കേരളീയനിലും കൃഷി സംസ്കാരം ഉണർത്തി, അതിലൂടെ സ്ഥായിയായി നിലനിൽക്കുന്ന ഒരു കാർഷിക മേഖല കേരളത്തിൽ സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. അതിനായി വീടുകളിൽ തന്നെ കൃഷി ആരംഭിക്കുകയും പിന്നീട് കൃഷിയിടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 120 വാർഡിലും കർഷക കൂട്ടായ്മ രൂപീകരിച്ചു. കൃഷി കൂട്ടായ്മയിൽ ഓരോ കുടുംബത്തിൽ നിന്നും അംഗത്വം ഉറപ്പുവരുത്തി 1751 കൂടുതൽ ആളുകളെ കൃഷിയിലേക്ക് കൊണ്ടു വരാൻ സാധിച്ചു. ജനങ്ങൾക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിക്കുവാൻ ഈ പദ്ധതി സഹായിച്ചു. കൃഷിഭവന്റെ 8 വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുവാൻ അവസരം ഒരുക്കി. വീട്ടമ്മമാരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | അടുക്കളതോട്ട മത്സരം സംഘടിപ്പിച്ചു. പഞ്ചായത്ത് തല കാമ്പയിനും വിളംബരം ജാഥയും വിവിധ കലാ പരിപാടികളും ചിത്ര രചന മത്സരവും നടത്തി. 44.5 ഹെക്ടർ തരിശ് കിടന്ന സ്ഥലം കൃഷിയോഗ്യമാക്കി വാഴ, പച്ചക്കറി, നെല്ല് തുടങ്ങിയവ കൃഷി ചെയ്തു.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ 120 വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ ഇനം പച്ചക്കറികൾ, വാഴ, നെല്ല് തുടങ്ങിയവ കൃഷി ചെയ്തു വരുന്നു. മട്ടുപ്പാവിലെ പച്ചക്കറി കൃഷി, പച്ചക്കറി കൃഷി, നെൽ കൃഷിയിലെ ഗ്രൂപ്പ് ഫാമിംഗ്, ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണന സംവിധാനങ്ങൾ എന്നിവ ചെയ്തു വരുന്നു.<br><br>കുന്നത്തുനാട് മണ്ഡലത്തിൽ 7 ഗ്രാമ തല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ അതാത് പഞ്ചായത്ത് 120 വാർഡുതല കമ്മിറ്റികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നു.<br><br>ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ചിങ്ങം 1-ന് 453 കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചു. 18 ഹെക്ടർ സ്ഥലത്ത് പുതുതായി പച്ചക്കറി കൃഷിയും, 15.5 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയും, 11 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയും പുതുതായി ആരംഭിച്ചു.<br><br>കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പ്ലാൻ സ്കീമിൽ ഐക്യരനാട് കൃഷി ഭവനിൽ 32 യൂണിറ്റ് ഗ്രോബാഗിലുള്ള പച്ചക്കറി കൃഷിയും, മഴവന്നൂർ കൃഷി ഭവനിൽ 6000 എണ്ണം വിവിധ ഇനം ഫലവർഗ്ഗ തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, 3 ഹെക്ടർ സ്ഥലത്ത് തരിശു നെൽകൃഷിയും നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ തിരുവാണിയൂർ പഞ്ചായത്തിൽ 2.5 രൂപ വിലയുള്ള 40,000 ശീതകാല പച്ചക്കറി തൈകളും വാഴക്കുളം പഞ്ചായത്തിൽ 40,000 വിവിധ ഇനത്തിലുള്ള പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതിന് പച്ചക്കറി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ എത്ര കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും എത്ര സ്ഥലത്ത് ജൈവ കൃഷി ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ബി) | ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ 202 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് മണ്ഡലത്തിൽ 19 ഹെക്ടർ സ്ഥലത്തു |

| | | | |
|---|---|---|---|
| | | | വാഴ, പച്ചക്കറി എന്നിവയുടെ ജൈവകൃഷി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ